പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 465 27.06.2019-ൽ മറുപടിക്ക്

## ഇ-ഹെൽത്ത് പദ്ധതി

**ചോദ്യം**

ശ്രീ.സി.കൃഷ്ണൻ

ശ്രീ.കെ.വി.അബ്ദുൾ ഖാദർ

ശ്രീ.ആന്റണി ജോൺ

ശ്രീ.കെ. ബാബു

**മറുപടി**

കെ.കെ. ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് രോഗീ പരിശോധനയും ചികിത്സാക്രമങ്ങളും ഭരണനിർവ്വഹണവും സംയോജിതമായ സോഫ്റ്റ് വെയർ സിസ്റ്റം മുഖേന ക്രോഡീകരിച്ച് ആയാസരഹിതമായ ചികിത്സ ഉറപ്പാക്കുന്ന ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (എ) | ആരോഗ്യ സേവന രംഗത്ത് സൂക്ഷ്മഘടകങ്ങൾ മുതൽ ഉയർന്ന മേഖല വരെയുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യ വിവരങ്ങൾ സോഫ്റ്റ്വെയർ മുഖേന ക്രോഡീകരിച്ച് ശാസ്ത്രീയവും ഫലപ്രദവുമായി പുനരുപയോഗത്തിന് സജ്ജമാക്കുന്നതിന് നടപ്പാക്കുന്ന പദ്ധതിയാണ് ഇ-ഹെൽത്ത്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെ 12 ആശുപത്രികളിൽ പരീക്ഷണാടിസ്ഥാനത്തിൽ 2016-ൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കി. നിലവിൽ 55 ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.<br>ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട 170 ആശുപത്രികളിൽ 62 എണ്ണത്തിൽ ഇ-ഹെൽത്ത് പദ്ധതി ഉദ്ഘാടനത്തിന് സജ്ജമായിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർക്കുന്നു). ആർദ്രം പദ്ധതിയിൽപെട്ട മറ്റ് 90 ആശുപത്രികളിലും 8 മെഡിക്കൽ കോളേജുകളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഈ സ്ഥാപനങ്ങളിൽ നടപ്പ സാമ്പത്തിക വർഷം തന്നെ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ഇ-ഹെൽത്ത് പദ്ധതി നിലവിൽ ഏതെല്ലാം ജില്ലകളിലാണ് പ്രവർത്തന സജ്ജമായിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കികഴിഞ്ഞു. മറ്റ് മെഡിക്കൽ കോളേജുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ആരോഗ്യവകുപ്പിന് കീഴിൽ ആലപ്പുഴ, എറണാകുളം, ഇടുക്കി, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ |

| | | | |
|---|---|---|---|
| | | | തെരെഞ്ഞെടുക്കപ്പെട്ട ആരോഗ്യ കേന്ദ്രങ്ങളിലും തിരുവനന്തപുരം ജില്ലയിലെ എല്ലാ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| (സി) | ആശുപത്രികളിൽ രോഗികളുടെ നീണ്ട ക്യൂ ഒഴിവാക്കുന്നതിന് രോഗീ സൗഹൃദ ഒ.പി. കൗണ്ടറുകൾ സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ ജനങ്ങളുടെ അടിസ്ഥാന ആരോഗ്യ വിവര ശേഖരണത്തിന്റെ ഭാഗമായി പരിശീലനം സിദ്ധിച്ച 95000 ആരോഗ്യ പ്രവർത്തകരെ ഉപയോഗിച്ച് 2.5 കോടി ആളുകളുടെ വിവരങ്ങൾ ഇ-ഹെൽത്ത് സോഫ്റ്റ് വെയർ മുഖേന ശേഖരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ചികിത്സ തേടി എത്തുന്നവർക്ക് ആരോഗ്യ തിരിച്ചറിയൽ കാർഡ് (UHID കാർഡ്) നൽകുന്നതിനും, ഈ സേവനത്തിലൂടെ ഒരിക്കൽ ചികിത്സ നേടിയ ഏതു വ്യക്തിയ്ക്കും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ള കേരളത്തിലെ ഏതു സർക്കാർ ആശുപത്രിയിൽ നിന്നും മുൻകാല ചികിത്സയുടെ അടിസ്ഥാന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിനും ഇ-ഹെൽത്ത് സംവിധാനം സഹായകമാണ്. OP registration, Que Management, advance booking എന്നിവ ഈ പദ്ധതിയുടെ മറ്റൊരു സവിശേഷതയാണ്. ആശുപത്രികളിലെ തിരക്ക് ഒഴിവാക്കുന്നതിനും ചികിത്സ തേടി എത്തുന്നവർക്ക് ആയാസരഹിതമായി സേവനം ലഭ്യമാക്കുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജിനു പുറമേ തിരുവനന്തപുരം ജനറൽ ആശുപത്രി, തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പുലയനാർകോട്ട നെഞ്ച് രോഗാശുപത്രി, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, എറണാകുളം, മഞ്ചേരി, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി OP വിഭാഗത്തിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. രോഗികൾക്ക് ഇരിപ്പിടം, കുടിവെള്ളം, വിശ്രമ സ്ഥലത്ത് ആവശ്യമായ ഫാനുകൾ, ആവശ്യത്തിന് ശുചിമുറികൾ, ഡോക്ടറെ കാണുന്നതിന് ഇലക്ട്രോണിക് ടോക്കൺ സംവിധാനം, അഡ്വാൻസ് ബുക്കിംഗ് എന്നിവ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| Sl No | District | Name of Institution |
|---|---|---|
| 1 | TVM | FHC Poozhanad |
| 2 | TVM | FHC Amachal |
| 3 | TVM | FHC Balaramapuram |
| 4 | TVM | FHC Paraniyam |
| 5 | TVM | FHC Kottukal |
| 6 | TVM | FHC Pallichal |
| 7 | TVM | FHC Kadakampally |
| 8 | TVM | FHC Vattiyoorkavu |
| 9 | TVM | FHC Karakulam |
| 10 | TVM | FHC Vamanapuram |
| 11 | TVM | FHC Kilimanoor |
| 12 | TVM | FHC Keezhattingal |
| 13 | TVM | FHC Thonnakal |
| 14 | TVM | PHC Kuttichal |
| 15 | TVM | FHC Aruvikkara |
| 16 | TVM | FHC Jagathy |
| 17 | TVM | CHEMMARUTHI |
| 18 | Alapuzha | KALAVOOR |
| 19 | Alapuzha | KANNJIKUZHY |
| 20 | Alapuzha | AROOR |
| 21 | Alapuzha | KANDALLUR |
| 22 | Alapuzha | PALAMEL |
| 23 | Alapuzha | VETTAYKAL |
| 24 | EKM | FHC Chowara |
| 25 | EKM | FHC Manjappra |
| 26 | EKM | FHC Paippra |
| 27 | EKM | FHC Cheraneloor |
| 28 | EKM | FHC Eroor |
| 29 | EKM | FHC Kuttanpuzha |
| 30 | EKM | FHC Kodanad |
| 31 | EKM | FHC Vazhakkulam |
| 32 | EKM | Gothuruth |

| | | |
|---|---|---|
| 33 | EKM | Mazhuvannur |
| 34 | EKM | THIRUMARADY |
| 35 | IDUKI | FHC MARIYAPURAM |
| 36 | IDUKI | FHC KARIMKUNNAM |
| 37 | IDUKI | FHC ILAMDESOM |
| 38 | IDUKI | FHC PERUVANTHANAM |
| 39 | IDUKI | FHC KANCHIYAR |
| 40 | IDUKI | VATTAVADA |
| 41 | IDUKI | KONNATHANGADI |
| 42 | KASARGOD | FHC MOGRAL PUTHOOR |
| 43 | KASARGOD | FHC KAYYOOR |
| 44 | KASARGOD | FHC MULLERIA |
| 45 | KASARGOD | FHC KARINTHALAM |
| 46 | KANNUR | VALAPATTANAM |
| 47 | KANNUR | PILATHARA ( Cheruthazham) |
| 48 | KANNUR | KANKOL |
| 49 | KANNUR | MUNDERI |
| 50 | KANNUR | MALAPATTAM |
| 51 | KANNUR | KATHIRUR |
| 52 | KANNUR | THERTHALI |
| 53 | KANNUR | KOTTIYOOR |
| 54 | MALAPPURAM | Thirunavaya |
| 55 | MALAPPURAM | PANDIKKAD |
| 56 | MALAPPURAM | VAZHIKKADAVU |
| 57 | MALAPPURAM | KUZHIMANNA |
| 58 | MALAPPURAM | THAZHEKKOD |
| 59 | MALAPPURAM | PANG |
| 60 | MALAPPURAM | PONMALA |
| 61 | MALAPPURAM | KUNNUMPURAM |
| 62 | MALAPPURAM | PARAPPANAGADI |